229

010626

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - സർക്കാർ വകുപ്പുകളിലും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും, നിയമനങ്ങൾക്ക് എസ്.സി.വി.റ്റി സർട്ടിഫിക്കറ്റ് പി.എസ്.സി. സ്വീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവു് പുറപ്പെടുവിക്കുന്നു.

=====================================================

തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

സ.ഉ.(സാധാ)നം.1388/2007/തൊഴിൽ. തിരുവനന്തപുരം, തീയതി, 19.05.2007.

=====================================================

പരാമർശം:- 1) സ.ഉ.(സാധാ) നം. 2766/05 തൊഴിൽ തീയതി 1.10.2005.
2) ട്രെയിനിംഗ് ഡയറക്ടറുടെ 20.2.2006-ലെ ഐ-2/3025/2006 (3) നമ്പർ കത്ത്.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 20.4.07-ലെ എ VIII (2) 23593/03/ഗ.വി. നമ്പർ കത്ത്.

## ഉത്തരവ്

ഐ.ടി.ഐ/ഐ.ടി.സി കളിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ പ്രവേശനം നൽകുകയും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത് വിജയിക്കുകയും പ്രൊവിഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകുകയും എസ്.സി.വി.റ്റി സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തവർക്ക് സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് പ്രസ്തുത സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാർ നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിച്ച് അംഗീകരിച്ച് പരാമർശം ഒന്നു പ്രകാരം ഉത്തരവായിരുന്നു.

2) സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് നൽകുന്ന എസ്.സി.വി.റ്റി സർട്ടിഫിക്കറ്റുകളും സ്വീകരിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം രണ്ടു പ്രകാരം അഭ്യർത്ഥിച്ചു.

3) എസ്.സി.വി.റ്റി നല്കുന്ന ട്രേഡ് സർട്ടിഫിക്കറ്റുകൾ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമാണെന്ന് സർക്കാർ ഉത്തരവുള്ളതിനാൽ NTC യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്കെല്ലാം ബന്ധപ്പെട്ട SCVT സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

....2/-

4) മേൽ സാഹചര്യത്തിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് എൻ.റ്റി.സി.യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികക ൾക്കെല്ലാം ബന്ധപ്പെട്ട എസ്.സി.വി.റ്റി സർട്ടിഫിക്കറ്റുകൾ തത്തുല്യമായി പരിഗണിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.മോഹനൻ,
ഗവ. അഡീഷണൽ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, പട്ടം,
തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (റൂൾസ്) വകുപ്പ് (5.5.06-ലെ
4166/ആർ2/05/പി.&എ.ആർ.ഡി)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, പൊതുഭരണ (പി.ആർ.ഡി) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.